11/2/20.

**File No.IGR/122/2020-E7**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം,
regig@kerala.nic.in
www.keralaregistration.gov.in
ഫോൺ : 0471-2472118/2472110/2474782
ഫാക്സ് : 0471-2462608
തീയതി : 10/02/2020

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

എല്ലാ സബ് രജിസ്ട്രാർമാർക്കും ( ജില്ലാ രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)

സർ,

വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - ജീവനക്കാര്യം - സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫൈൻ ഈടാക്കുന്നത് - പരാതി - സംബന്ധിച്ച്.

സൂചന :- 1) ഈ ഓഫീസിലെ 04/02/2020 ലെ ഇതേ നമ്പർ കത്ത്.
2) ശ്രീ സുരേഷ് കുമാർ വി.കെ യുടെ 30.12.2019 തീയതിയിലെ പരാതി.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് സൂചന (1) പ്രകാരം ഈ ഓഫീസിൽ നിന്നും കേരള രജിസ്ട്രേഷൻ മാനുവൽ ഉത്തരവ് 269 (e) യിൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം ഫീസ് പട്ടികയിലെ ആർട്ടിക്കിൾ IX (1) ന് വിരുദ്ധമായതിനാൽ സൂചന കത്തിലെ 'ആധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ 15 ദിവസത്തിനകം ആധാരം തിരികെ ചോദിച്ചിട്ടില്ലാത്ത പക്ഷം ആദ്യത്തെ 15 ദിവസം കഴിഞ്ഞുള്ള ഓരോ 15 ദിവസത്തിനോ, അതിന്റെ ഭാഗത്തിനോ ഒരു സൂക്ഷിപ്പ് ഫീസ് ഈടാക്കേണ്ടതാണ്' എന്നതിനു പകരം രജിസ്ട്രേഷൻ ഫീസ് പട്ടികയിലെ ആർട്ടിക്കിൾ IX (1) പ്രകാരമുള്ള വിവരം നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുവാൻ എല്ലാ സബ് രജിസ്ട്രാർമാർക്കും ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു. സൂചന (1) കത്തിലെ നിർദ്ദേശം ഈ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

Signature valid
വിശ്വസ്തതയോടെ,

Digitally signed by REETHA B
Date: 2020.02 6:35:50 IST
Reason: Approved
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

ഫ്ലാഗ് 7/2/2020

File No.IGR/122/2020-E7

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം,
regig@kerala.nic.in
www.keralaregistration.gov.in
ഫോൺ : 0471-2472118/2472110/2474782
ഫാക്സ് : 0471-2462608
തീയതി : 04/02/2020

150 YEARS OF CELEBRATING THE MAHATMA

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

എല്ലാ സബ് രജിസ്ട്രാർമാർക്കും (ജില്ലാ രജിസ്ട്രാർ (ജനറൽ) മുഖാന്തിരം)

സർ,

വിഷയം:- രജിസ്ട്രേഷൻ വകുപ്പ്-ജീവനക്കാര്യം-സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫൈൻ ഈടാക്കുന്നത് പരാതി-സംബന്ധിച്ച്.

സൂചന :- ശ്രീ.സുരേഷ് കുമാർ.വി.കെ യുടെ 30.12.2019 തീയതിയിലെ പരാതി.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്ട്രാക്കിയ തീയതി മുതൽ 15 ദിവസത്തിനു ശേഷം തിരികെ വാങ്ങുവാൻ വരുന്നവരിൽ നിന്നും ഫൈൻ ഈടാക്കുന്നതായും, ആധാരം രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ സബ് രജിസ്ട്രാർ നൽകുന്ന റെസീപ്റ്റിലോ, നോട്ടീസ് ബോർഡിലോ ടി വിവരം സൂചിപ്പിച്ചിട്ടില്ലെന്നും, ആയതിനാൽ കക്ഷികൾക്ക് വളരെയധികം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായും സൂചന പ്രകാരം പരാതി ലഭിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ കേരള രജിസ്ട്രേഷൻ മാനുവൽ ഉത്തരവ് 269 (e) യിൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം "ആധാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ 15 ദിവസത്തിനകം ആധാരം തിരികെ ചോദിച്ചിട്ടില്ലാത്ത പക്ഷം ആദ്യത്തെ 15 ദിവസം കഴിഞ്ഞുള്ള ഓരോ 15 ദിവസത്തിനോ, അതിന്റെ ഭാഗത്തിനോ ഒരു സൂക്ഷിപ്പ് ഫീസ് ഈടാക്കേണ്ടതാണ്" എന്നുള്ള വിവരം നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന് എല്ലാ സബ് രജിസ്ട്രാർമാർക്കും കർശന നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

Signature valid
Digitally signed by PREETHA B
Date: 2020.02.04 16:28:26 IST
Reason: Approved

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

പകർപ്പ്:-1)രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ
2)രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർ
3)ജില്ലാ രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്)
4)രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ സി.എ
5)ഫയൽ/സ്റ്റോക്ക് ഫയൽ